## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1438 — 31-10-2019 -ൽ മറുപടിക്ക്

### മഴക്കെടുതിയിൽ സംസ്ഥാനത്തുണ്ടായ നഷ്ടം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. റോജി എം. ജോൺ**<br>**ശ്രീ. കെ. ബാബു**<br>**ശ്രീ. ഒ. ആർ. കേളു**<br>**ശ്രീ. ജോർജ് എം. തോമസ്** | | **ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ഈ വർഷം അതിതീവ്ര മഴയെത്തുടർന്നുണ്ടായ ഉരുൾ പൊട്ടലിലും പ്രളയത്തിലും മറ്റു കെടുതികൾ കൊണ്ടും സംസ്ഥാനത്തുണ്ടായ യഥാർത്ഥ നഷ്ടം എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ; കേന്ദ്ര സർക്കാരിൽ നിന്നും എത്ര തുക അടിയന്തര സഹായമായി ലഭിച്ചു പ്രളയബാധിതർക്കു വിതരണം ചെയ്യുന്നതിനായി അധിക അരി വിഹിതം അനുവദിച്ചിരുന്നോ; ഇതിനായി എത്ര തുക കേന്ദ്രം വാങ്ങി; | എ) | 2019 ൽ കേരളത്തിലുണ്ടായ പ്രളയത്തിന്റെ നാശനഷ്ടങ്ങളുടെ കണക്കെടുത്തിട്ടുണ്ട്. ഈ കണക്കുകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിനോട് സഹായം ആവശ്യപ്പെട്ടുള്ള മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ദേശീയ ദുരന്ത പ്രതികരണ നിധിയുടെ നിലവിലെ മാനദണ്ഡ പ്രകാരം 2101.881 കോടിയുടെ നഷ്ടമാണ് വിവിധ മേഖലകളിലായി കണക്കാക്കപ്പെട്ടിരുന്നത്. നിലവിൽ കേന്ദ്രത്തിൽ നിന്നും ഒരു സഹായവും ലഭിച്ചിട്ടില്ല. അധിക വിഹിതം അരി അനുവദിച്ചിട്ടില്ല. |
| ബി) | നാശനഷ്ടം വിലയിരുത്താനായി കേന്ദ്ര സംഘം എത്തിയിരുന്നോ; അവർ നാശനഷ്ട കണക്ക് തയ്യാറാക്കിയിട്ടുണ്ടോ; കഴിഞ്ഞ വർഷത്തെ പ്രളയം തകർത്ത പ്രദേശങ്ങളിലെ പുനർനിർമ്മിതിക്കായി ലഭിച്ച കേന്ദ്ര സഹായം എത്രയെന്ന് അറിയിക്കാമോ ; | ബി) | കേന്ദ്ര സംഘം വന്നിരുന്നു. അവർ നാശനഷ്ട കണക്ക് തയ്യാറാക്കിയതായുള്ള വിവരം ലഭ്യമല്ല. കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് 2904.85 കോടി രൂപയാണ് മാനദണ്ഡങ്ങൾക്ക് വിധേയമായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ 2018 ലെ പ്രളയത്തിനായി ലഭിച്ചിട്ടുള്ളത്. |
| സി) | ഇത്തവണത്തെ പ്രളയത്തിൽ അടിയന്തിര സഹായത്തിനു അർഹരായവരെ കണ്ടെത്തുന്നതിനും തുക സമയബന്ധിതമായി കൈമാറുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | സി) | ക്യാമ്പിൽ താമസിച്ചവരുടെ വിവരങ്ങൾ നേരത്തെ തന്നെ ശേഖരിച്ചു പ്രസ്തുത കുടുംബങ്ങൾക്ക് നേരിട്ട് സർക്കാരിൽ നിന്നും 10,000 രൂപയുടെ ധനസഹായം വിതരണം ചെയ്തു. ഇത് താഴെ തട്ടിലുള്ള തടസ്സങ്ങൾ ഒഴിവാക്കുവാൻ സഹായിച്ചു. ഒരു മൊബൈൽ ആപ്പ് തയ്യാറാക്കി തകർന്ന വീടുകളുടെ വിപുലമായ വിവര ശേഖരണ സംവിധാനം ഒരുക്കി. വിവര ശേഖരണം റവന്യൂ പഞ്ചായത്ത് വകുപ്പുകൾ സംയുക്തമായി നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ